# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **511** — 02.07.2014-ൽ മറുപടിക്ക്

## സ്കൂൾ ആരോഗ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ :<br>,, പി. തിലോത്തമൻ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. വി. ശശി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കൂൾ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കാമോ ; | (എ) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളുടേയും സംയുക്ത സംരംഭമായി 2009 ൽ 10% ത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2012-2013 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. ഇപ്രകാരം പൂർത്തിയാകുമ്പോൾ അതുകൊണ്ടുള്ള പ്രയോജനം 13655 സ്കൂളുകളിലെ 43 ലക്ഷത്തോളം കുട്ടികൾക്ക് ലഭ്യമാകും.<br>പദ്ധതിയുടെ പ്രധാനപ്പെട്ട സവിശേഷത സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ പ്രാഥമികമായി കണ്ടെത്തുന്നതിന് പ്രത്യേകമായി നിയമിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാരാണ് എന്നുള്ളതാണ്. 2500 കുട്ടികൾക്ക് ഒരാൾ എന്ന രീതിയിലാണ് ഇവരെ നിയമിച്ചിരിക്കുന്നത്.<br>**പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്**<br>നിലവിൽ സ്കൂളുകളിൽ പ്രത്യേകമായി നിയമിക്കപ്പെട്ട 1098 നഴ്സുമാർ പ്രവർത്തിക്കുന്നു. കൂടുതൽ സ്കൂൾ ഹെൽത്ത് നഴ്സുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>**പ്രതിരോധ പ്രവർത്തനം :-**<br>വർഷത്തിലൊരിക്കൽ സ്കൂളുകളിലെ എല്ലാ കുട്ടികളേയും ചിട്ടയായ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കി വിവരങ്ങൾ ഹെൽത്ത് റെക്കോഡിൽ രേഖപ്പെടുത്തുകയും ഇത്തരം പരിശോധനയിലൂടെ കണ്ടെത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സ്കൂൾ അധികൃതരുടേയും മാതാപിതാക്കളുടേയും ശ്രദ്ധയിൽപ്പെടുത്തി |

(.....2)

അവരുടെ സഹകരണത്തോടെ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഈ കുട്ടികളെ കൃത്യമായി, തുടർച്ചയായ നിരീക്ഷണം നടത്തുക എന്നത് സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ പ്രധാനപ്പെട്ട ചുമതലയാണ്. കൂടാതെ പ്രതിരോധ കുത്തിവയ്പുകളായ ടെറ്റനസ്, റൂബെല്ല വാക്സിനേഷനുകളും നൽകുന്നു. ആരോഗ്യ ബോധവൽക്കരണത്തിനായി വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, വീഡിയോ ഷോ, പോസ്റ്റർ പ്രദർശനം, നാടകം മറ്റു കലാരൂപങ്ങൾ മുതലായവ സ്കൂൾ ഹെൽത്ത് നഴ്സുമാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**ചികിത്സാ സേവനം** :-

സ്കൂൾ ഹെൽത്ത് നഴ്സുമാർ ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളുകളിൽ വെച്ച് തന്നെ കൈകാര്യം ചെയ്ത് റഫർ ചെയ്യേണ്ടവ ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും കൃത്യമായി നിരീക്ഷണം നടത്തുകയും ചെയ്യുന്നു.

മാസത്തിലൊരിക്കലോ (ആവശ്യഘട്ടങ്ങളിലോ) സ്കൂൾ ഹെൽത്ത് നഴ്സ് പ്രശ്നമുള്ള കുട്ടികളെ അടുത്തുള്ള പി.എച്ച്.സി/സി.എച്ച്.സി -യിൽ വൈദ്യ പരിശോധനക്കായി സ്കൂൾ അധികൃതരുടെ സഹായത്തോടെ എത്തിക്കുന്നതാണ്.

വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തിവരുന്നു. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും. ത്വക്ക്, കാഴ്ച, ദന്തൽ, ഗൈനക്കോളജി, സൈക്കോളജി എന്നീ വിഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തുന്നത്. ക്യാമ്പിൽ വെച്ച് ആവശ്യമുള്ള സന്ദർഭങ്ങളിൽ ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തുടങ്ങിയ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു.

**ഹെൽത്ത് ക്ലബ്ബ്** :-

ഹെൽത്ത് ക്ലബ്ബ് കാര്യക്ഷമമായി നടത്തുകയും വിവിധ ആരോഗ്യപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.

**വിവരശേഖരണം** :-

വിവരശേഖരണം നിത്യേന നടത്തുന്നു. ഇതിനായി ആധുനിക സാങ്കേതിക വിദ്യയായ ഇലക്ട്രോണിക് ഡേറ്റാ ബേസ് രൂപീകരണം പുരോഗമിക്കുന്നു.

(......3)

**അംഗനവാടി കുട്ടികളുടെ വൈദ്യപരിശോധന**

അംഗനവാടി കുട്ടികളുടെ വൈദ്യപരിശോധന ആർ.ബി.എസ്.കെ. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇത്തരത്തിൽ അംഗനവാടികളിലെ കുട്ടികളെയും കൗമാരപ്രായക്കാരായ പെൺകുട്ടികളെയും പരിശോധിച്ച് ഹെൽത്ത് റെക്കോർഡിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നു.

**സൗജന്യ ചികിത്സ**

കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽസ്വാസ്ഥ്യ കാര്യക്രമം (ആർ.ബി.എസ്.കെ), സംസ്ഥാന ഗവൺമെന്റിന്റെ ആരോഗ്യ കിരണം എന്നീ പദ്ധതികളുടെ സഹായത്തോടെ ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ എല്ലാ അസുഖങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ